പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2284 — 08.03.2017 ൽ മറുപടിക്ക്

## ഗുരുവായൂർ ദേവസ്വത്തിൽ ജോലി നൽകണമെന്ന നിവേദനം

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

(എ) ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ 'ഡി' സോൺ കലോത്സവ ദിവസം അതിശക്തമായ കാറ്റിൽ മരംവീണ് ഗുരുതരമായ പരുക്കുപറ്റി ഇപ്പോഴും അവശ നിലയിൽ കഴിയുന്ന ബി.എ സംസ്കൃതം വിദ്യാർത്ഥിനി കണ്ടാണശ്ശേരി പഞ്ചായത്തിൽ പാമ്പുങ്ങൽ ബാഹുലേയൻ മകൾ ലയന, പഠനം തുടർന്ന് ജോലി നേടുക എന്നത് പ്രയാസകര മായ തിനാൽ, ഗുരുവായൂർ ദേവസ്വത്തിൽ അർഹമായ ഒരു ജോലി നൽകണമെന്ന് ആവശ്യപ്പെട്ട നൽകിയ 4.8.2016 ലെ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) 19.9.2016 ലെ 116/VIP/16/Min(Eley&Dev) നമ്പർ കത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം എടുത്ത നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

ഈ വിഷയം സംബന്ധിച്ച നിവേദനം അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 19.09.2016 ലെ 112/VIP/16/Min (Eley&Dev) നമ്പർ മേലെഴുത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർക്ക് അയച്ചു കൊടുത്തിട്ടുള്ളതും ജോലി ലഭിക്കുന്നതിനുള്ള കുമാരി ലയന പി. ബി യുടെ അപേക്ഷ ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ